ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# മത്സര പരാജയം; നബി(സ)യുടെ മാതൃക

عَنْ أَنَس رَضِيَ اللهُ عَنْه قَال : كانَ للنبيّ صَلَّى اللهُ عليه وسلَّمَ ناقَةٌ تُسَمَّى العَضْباءَ، لا تُسْبَقُ - قالَ حُمَيْدٌ: أَوْ لا تَكادُ تُسْبَقُ - فَجاءَ أَعْرابِيٌّ علَى قَعُودٍ فَسَبَقَها، فَشَقَّ ذلكَ علَى المُسْلِمِينَ حتَّى عَرَفَهُ، فقالَ: حَقٌّ علَى اللَّهِ أنْ لا يَرْتَفِعَ شيءٌ مِنَ الدُّنْيا إلَّا وضَعَهُ.

**അനസി(റ)ൽനിന്ന് നിവേദനം. നബി(സ)ക്ക് അദ്ബാഅ് എന്നു പേരുള്ള ഒരു പെണ്ണൊട്ടകമുണ്ടായിരുന്നു. മറ്റ് ഒട്ടകങ്ങൾക്ക് അതിനെ മറികടക്കാൻ കഴിഞ്ഞിരുന്നില്ല. നിവേദക പരമ്പരയിലെ ഹുമൈദ് പറയുന്നു: മറ്റ് ഒട്ടകങ്ങൾക്ക് അതിനെ മറികടക്കാൻ കഴിയാറാകുമായിരുന്നില്ല. അതിനിടെ, ഒരു ഗ്രാമീണ അറബി, കയറിയിരുന്ന് യാത്ര ചെയ്യാൻ പ്രായമായ ഒരു ഒട്ടകവുമായി വന്നു. അത് നബി(സ)യുടെ ഒട്ടകത്തെ മറികടന്നു. അത് മുസ്‌ലിംകളെ പ്രയാസപ്പെടുത്തി. അവിടുന്ന് അത് മനസ്സിലാക്കി. തിരുമേനി പറഞ്ഞു: 'ദുൻയാവിൽ ഉയർന്നുവരുന്ന എന്തിനെയും താഴ്ത്തിക്കളയുക എന്നത് അല്ലാഹുവിന്റെ ബാധ്യതയാണ്' (അഹ്മദ് 3: 103 (12033), ബുഖാരി 4: 38 (287).**

അർജന്റീന ജയിക്കുമെന്ന് മുൻവിധി വെച്ചുപുലർത്തിയിരുന്ന ഫുട്ബോൾ പ്രേമികളെ ഞെട്ടിച്ചു സുഊദി അറേബ്യൻ ടീം ജയിച്ചപ്പോൾ അതുൾക്കൊള്ളാൻ പലർക്കും കഴിഞ്ഞില്ല. ജയപരാജയങ്ങളിലെ അല്ലാഹുവിന്റെ പ്രാപഞ്ചിക നിയമങ്ങളെക്കുറിച്ച ശരിയായ ധാരണയില്ലായ്കയാണ് ഈ മനോഭാവത്തിനു കാരണം. ഈ വിഷയകമായി ഏറ്റവും മഹോന്നതമായ പാഠം നൽകുന്നതാണ് മുകളിലെ നബിവചനം.

ശരീരത്തെ ഉന്മേഷപൂർണവും ബലവത്തുമാക്കുക, ശാരീരികാവയവങ്ങളെ അവയുടെ ജോലി ചെയ്യാൻ പ്രാപ്തമാക്കുക, ശരീരത്തിനും ബുദ്ധിക്കും ഒരുപോലെ പോഷണം ലഭ്യമാക്കുക, വിവിധ ജോലികളിൽ ഏർപ്പെടാൻ മനുഷ്യനെ കായികമായി പ്രാപ്തമാക്കുക, പേശികളെ ദൃഢമാക്കുക, ശരീരത്തിലെ സന്ധി ബന്ധങ്ങളെ വഴക്കിയെടുക്കുക, പ്രതിരോധ ശേഷി നേടുക, ഹൃദയത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, നാശഹേതുകമായും അസാന്മാർഗികമായും വിനിയോഗിക്കപ്പെടാവുന്ന സമയത്തെ ഗുണപ്രദവും രചനാത്മകവുമായി പ്രയോജനപ്പെടുത്തുക, വ്യക്തികൾക്കും സമൂഹങ്ങൾക്കുമിടയിൽ പരസ്പര പങ്കാളിത്തവും സഹകരണവും വർധിപ്പിക്കുക മുതലായവയെല്ലാം കായിക മത്സരങ്ങളുടെ ലക്ഷ്യങ്ങളാണ്. ഇതിൽ കൂടുതലും ശരീര പ്രധാനങ്ങളായ ലക്ഷ്യങ്ങളാണ്. ഇസ്‌ലാമും ഇവയ്ക്ക് പ്രാധാന്യം നൽകുന്നുണ്ടെങ്കിലും മാനസികവും ആത്മീയവുമായ വളർച്ചയും സ്വയം നിയന്ത്രണവും കായികാഭ്യാസത്തിന്റെ സർവപ്രധാനമായ ലക്ഷ്യമാണെന്നാണ് ഇസ്‌ലാമിന്റെ പക്ഷം. ഒരർഥത്തിൽ ശാരീരിക ക്ഷമതയെക്കാൾ മാനസിക പക്വതയാണ് കായിക വിനോദങ്ങളുടെ ലക്ഷ്യം എന്നു പറഞ്ഞാൽ തെറ്റാവില്ല. 'മൽപിടിത്തത്തിലൂടെയല്ല ബലവാനെ നിർണയിക്കേണ്ടത്, ദേഷ്യം വരുമ്പോൾ തന്റെ മനസ്സിനെ നിയന്ത്രിക്കുന്നവനാണ് ശക്തൻ' എന്ന നബിവചനം പ്രസിദ്ധമാണല്ലോ.

നടത്തം, ഓട്ടം, അമ്പെയ്ത്ത്, ഗുസ്തി, നീന്തൽ, വാൾപയറ്റ്, കുതിരസവാരി മുതലായ കായികാഭ്യാസങ്ങൾ ജാഹിലീ കാലത്തും പ്രവാചക കാലത്തും നടന്നിരുന്നു. ഇവയിലൊക്കെയും മത്സര സ്വഭാവത്തിൽ ശിക്ഷണം നൽകാൻ നബി(സ) ശ്രദ്ധിച്ചിരുന്നു. കുട്ടികളെ അതിനായി പ്രോത്സാഹിപ്പിച്ചിരുന്നു. അബ്ബാസിന്റെ മക്കളായ അബ്ദുല്ല, ഉബൈദുല്ല, കുസൈർ എന്നിവർ കുട്ടികളായിരുന്നപ്പോൾ അവരെ വരിയായി നിർത്തി 'എന്റെ അടുത്തേക്ക് ആദ്യം ഓടിയെത്തുന്നവർക്ക് ഇന്നയിന്ന സമ്മാനങ്ങൾ തരാം' എന്ന് നബി(സ) പറഞ്ഞിരുന്നു. കുട്ടികൾ ഓടിച്ചെന്ന് നബി(സ)യുടെ പുറത്തും നെഞ്ചത്തും വന്നുവീഴും. അദ്ദേഹം അവരെ ചുംബിക്കുകയും ആലിംഗനം ചെയ്യുകയും ചെയ്യും.

നബി(സ)യുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഗതിവേഗമുള്ള ഒട്ടകമാണ് അദ്ബാഅ്. അതിനെ മറ്റ് ഒട്ടകങ്ങൾക്ക് തോൽപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഒരു ഗ്രാമീണനായ അറബി തന്റെ ഒട്ടകവുമായി വന്ന് നബി(സ)യുടെ ഒട്ടകത്തോട് മത്സരിച്ച് ജേതാവായി. നബി(സ)യുടെ ഒട്ടകം പിന്നിലായപ്പോൾ സ്വാഭാവികമായും സ്വഹാബികൾക്ക് വിഷമമായി. നബി(സ)യുടെ ഒട്ടകം പിന്നിലാവരുതല്ലോ എന്നാണ് അവർ ചിന്തി

ച്ചത്. ഈ സന്ദർഭം തന്റെ അനുയായികൾക്ക് വലിയൊരു പാഠം നൽകാൻ അവിടുന്ന് ഉപയോഗപ്പെടുത്തി.

ഭൗതിക ലോകത്ത് വ്യക്തികളുടെയും സമൂഹങ്ങളുടെയും ഉയർച്ചകൾക്ക് സ്ഥായീ ഭാവമില്ല. ആരും അജയ്യരല്ല. ചിലർക്ക് ദീർഘകാലം അജയ്യതയുണ്ടായെന്നു വരാം. ഒരു നാൾ അവർ തോറ്റെന്നു വരും. പുതിയ ജേതാക്കൾ ഉയർന്നുവരും. എപ്പോഴും പരാജയം പ്രതീക്ഷിക്കണമെന്നു പാഠം. 'ദുൻയാവിൽ ഉയർന്നുപൊങ്ങുന്ന എന്തിനെയും താഴ്ത്തുക' എന്നത് അല്ലാഹുവിന്റെ നടപടിക്രമത്തിന്റെ ഭാഗമാണ്. ഈ നടപടിക്രമം മനസ്സിലാക്കാത്തവർക്ക് ഇച്ഛാഭംഗമുണ്ടാവും. മനസ്സിലാക്കുന്നവർ 'അൽഹംദു ലില്ലാഹി അലാ കുല്ലി ഹാൽ' (ഏതവസ്ഥയിലും അല്ലാഹുവിന് സർവസ്തുതി) എന്ന് ആശ്വസിക്കും.

ഇബ്നു അബ്ബാസ്(റ) പറയുന്നു: 'നബി(സ) മക്ക ജയിച്ചടക്കുകയും തന്റെ സമുദായത്തിന് പേർഷ്യയുടെയും റോമിന്റെയും അധികാരം വാഗ്ദാനം ചെയ്യുകയും ചെയ്തപ്പോൾ മുനാഫിഖുകളും യഹൂദികളും പരിഹസിച്ചു: 'എത്ര വിദൂരമായ സ്വപ്നം! എത്ര വിദൂരമായ സ്വപ്നം! പ്രതാപികളും പ്രതിരോധ ശേഷിയുള്ളവരുമായ പേർഷ്യയുടെയും റോമിന്റെയും അധികാരം മുഹമ്മദിന് എങ്ങനെ ലഭിക്കാനാണ്? മുഹമ്മദിന് മക്കയും മദീനയും കിട്ടിയത് പോരേ? എന്തിന് പേർഷ്യയും റോമും മോഹിക്കുന്നു? ഈ സന്ദർഭത്തിൽ അല്ലാഹു *ആലു ഇംറാൻ*: 26,27 സൂക്തങ്ങൾ അവതരിപ്പിച്ചു: 'പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽനിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യതയും വരുത്തുന്നു. നിന്റെ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും, നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. രാവിനെ നീ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ നീ രാവിലും പ്രവേശിപ്പിക്കുന്നു. ജീവനില്ലാത്തതിൽനിന്ന് നീ ജീവിയെ പുറത്തു വരുത്തുന്നു. ജീവിയിൽനിന്ന് ജീവനില്ലാത്തതിനെയും നീ പുറത്തു വരുത്തുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ നൽകുകയും ചെയ്യുന്നു.' മൊത്തം പ്രപഞ്ചത്തിന്റെ തന്നെ ഘടന ഇങ്ങനെയായിരിക്കെ, നിസ്സാരനായ മനുഷ്യനു മാത്രം ഈ നടപടിക്രമത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയുന്നതെങ്ങനെ?

'അല്ലാഹു ചിലരെ ഈ ഖുർആൻ വഴി ഉയർത്തും, മറ്റു ചിലരെ താഴ്ത്തും' (മുസ്ലിം) എന്ന നബിവചനം ഇതേ ആശയമാണ് പങ്കുവെക്കുന്നത്. ഇസ്ലാമിന്റെ ഉദയവും വാഴ്ചയും നേരത്തെ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ ഉൽക്കർഷത്തിനും ഉയർച്ചക്കും കാരണമായതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഇസ്ലാമിക പ്രവിശ്യകളിൽ നേതൃരംഗത്തേക്ക് വന്ന ധാരാളം വിമോചിത അടിമകൾ ഈ യാഥാർഥ്യത്തിന് അടിവരയിടുന്നു. ●

8086360835